(ഇ) കോടതിയിൽ സമർപ്പിച്ച എഫ്.ഐ.ആർ. ലെ പ്രതികൾ താഴെപ്പറയുന്നവരാണ്.

1. ശ്രീ. പി. എ. മോഹനൻ കർത്ത, പ്രസിഡന്റ്, കോട്ടയം ജില്ലാ ടൂറിസം വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പൊൻകുന്നം.
2. ശ്രീ. കെ. സുരേഷ്, മാനേജർ, ഇളംകുളം സർവ്വീസ് സഹകരണ ബാങ്ക്.
3. ശ്രീ. എം. ഗോപിനാഥൻ നായർ, സെക്രട്ടറി, ഇളംകുളം സർവ്വീസ് സഹകരണ ബാങ്ക്.
4. ശ്രീ. എം. എൻ. ഗംഗാധരൻ, ബ്രാഞ്ച് മാനേജർ, ഇളംകുളം സർവ്വീസ് സഹകരണ ബാങ്ക്.
5. ശ്രീ. പി. എൻ. പ്രഭാകരൻ, പല്ലേലിൽ വീട്, വിഴിക്കത്തോട്.
6. ശ്രീ. കെ. ജെ. തോമസ്, കൊല്ലം പറമ്പിൽ ഹൗസ്, കുട്ടിക്കൽ.
7. ശ്രീ. എൻ. റ്റി. ജോസഫ്, ഡയറക്ടർ ബോർഡംഗം.
8. ശ്രീ. എം. ജി. കൃഷ്ണൻ നായർ, ഡയറക്ടർ ബോർഡംഗം.
9. ശ്രീ. കെ. എ. ലംബ, ബ്രാഞ്ച് മാനേജർ, ഇളംകുളം സർവ്വീസ് സഹകരണ ബാങ്ക്, കൂരാളി.
10. ശ്രീ. ജോജി ജോസ്, ബ്രാഞ്ച് മാനേജർ.
11. ശ്രീ. എം. ആർ. സോമരാജൻ, മാപ്പിള പറമ്പിൽ, തുമ്പലക്കാട്, കാഞ്ഞിരപ്പള്ളി.

(എഫ്) മേൽപ്പറഞ്ഞ പ്രതികളിൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(ജി) ട്രാപ്പ് കേസുകളിലെ പ്രതികളെ മാത്രമേ സാധാരണ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ അറസ്റ്റ് ചെയ്യാറുള്ളൂ. മറ്റു വിജിലൻസ് കേസുകളിലെ പ്രതികളെ അറസ്റ്റു ചെയ്യാറില്ല.

മുൻ മന്ത്രിമാർക്കെതിരെയുള്ള അഴിമതി അന്വേഷണം

165 (167) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991-96 കാലയളവിൽ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലയളവിലെ എത്ര മന്ത്രിമാർക്കെതിരെയാണ് അഴിമതിയുടെയും മറ്റും പേരിൽ അന്വേഷണം നടക്കുന്നത് ; അവർ ആരൊക്കെയാണെന്നും അന്വേഷണവും തുടർ നടപടികളും ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ ;

(ബി) 1991-96 കാലയളവിലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലയളവിൽ എത്ര ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരുടെ പേരിലാണ് അഴിമതിയുടേയും മറ്റ് സാമ്പത്തിക ക്രമക്കേടുകളുടേയും ഗവൺമെന്റിന് സാമ്പത്തിക നഷ്ടവും ബാദ്ധ്യതയും വരത്തക്കരീതിയിലുള്ള പ്രവർത്തനങ്ങളുടേയും പേരിൽ അന്വേഷണവും തുടർ നടപടികളും നടക്കുന്നുണ്ടെന്നും അവ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത ഉദ്യോഗസ്ഥന്മാർ ആരൊക്കെയാണെന്നും വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1991-96 കാലയളവിലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ താഴെപ്പറയുന്ന 5 മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. പാമോലിൻ ഇറക്കുമതിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് മുൻ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ, മുൻ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ശ്രീ. റ്റി. എച്ച്. മുസ്തഫ എന്നിവർക്കെതിരെയുള്ള വിജിലൻസ് കേസ് അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ഇതിന് ലോകസഭാ സ്പീക്കറുടെ അനുമതി ലഭിക്കേണ്ടതായുണ്ട്.

2. മുൻ ജലസേചന വകുപ്പുമന്ത്രി ശ്രീ. ടി. എം. ജേക്കബിനെതിരെ കുരിയാർ കുറ്റി-കാരപാറ ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. കേസിലുൾപ്പെട്ട ഒരു ഉദ്യോഗസ്ഥനെ പ്രോസിക്യൂട്ട് ചെയ്യുവാൻ കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ട്. ശ്രീ. റ്റി. എം. ജേക്കബ് പ്രതിയായി മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് മറ്റൊരു കേസിലും വിജിലൻസ് അന്വേഷണം നടന്നുവരികയാണ്.

3. കണ്ണൂർ ജില്ലയിലെ എക്സൈസ് ഗാർഡുമാരുടെ നിയമനവുമായി ബന്ധപ്പെട്ട് മുൻ എക്സൈസ് വകുപ്പു മന്ത്രി ശ്രീ. എം. ആർ. രഘുചന്ദ്രബാലിനെതിരെ കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. കേസിൽ ഉൾപ്പെട്ട ഒരു അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥനെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

4. ബ്രഹ്മപുരം ഡീസൽ നിലയത്തിന്റെ നിർമ്മാണ പ്രവർത്തനത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ജസ്റ്റീസ് ശ്രീ. ഭാസ്കരൻ നമ്പ്യാർ കമ്മീഷന്റെ ശുപാർശ പ്രകാരം മുൻ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. സി. വി. പത്മരാജനെതിരെ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പുരോഗമിച്ചുവരികയാണ്.

(ബി) 1991-96 കാലയളവിലെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടന്ന ക്രമക്കേടുകളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരുടെ പേരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. ശ്രീ. ജെ. സുധാകരൻ ഐ.എ.എസ്. റവന്യൂ ബോർഡ് സെക്രട്ടറിയായിരിക്കെ കണ്ണൂർ ജില്ലയിലെ എക്സൈസ് ഗാർഡുമാരുടെ നിയമനത്തിലുള്ള ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. ശ്രീ. പി. കെ. മൊഹന്തി, ഐ.എ.എസ്., കെ.എസ്.ഡി.പി.എം.സി. ആയിരുന്നപ്പോൾ മരുന്നുകളും മറ്റും വാങ്ങിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

3. ഭാരത് പെട്രോളിയം കമ്പനിക്കുവേണ്ടി കഴക്കൂട്ടത്ത് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീ. പി. സി. സനൽകുമാർ ഐ.എ.എസ്. നെതിരെയുള്ള കേസിന്റെ അന്വേഷണം പൂർത്തിയാക്കി പ്രോസിക്യൂട്ട് ചെയ്യുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ അനുമതി തേടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

4. ശ്രീ. എസ്. പത്മകുമാർ ഐ.എ.എസ്., ശ്രീ. വി. സോമസുന്ദരം ഐ.എ.എസ്. എന്നിവർ യഥാക്രമം കെ.എസ്.ഐ.ഡി.സി. യുടെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന കാലയളവിൽ മെ. ബിരാനി സിങ്ക് ലിമിറ്റഡിന്റെ ഷെയറുകൾ വിൽപ്പന നടത്തിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി പ്രോസിക്യൂട്ട് ചെയ്യുവാനുള്ള അനുമതിതേടിക്കൊണ്ട് കേന്ദ്ര സർക്കാരിന് എഴുതിയിട്ടുണ്ട്.

5. ശ്രീ. എസ്. പത്മകുമാർ ഐ.എ.എസ്., ശ്രീ. സക്കറിയാ മാത്യു ഐ.എ.എസ്., ശ്രീ. വി. ജെ. തോമസ് ഐ.എ.എസ്, ശ്രീ. ജിജിതോംസൺ ഐ.എ.എസ്. എന്നിവരുടെ പേരിൽ പാമോയിൽ ഇറക്കുമതിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

6. ശ്രീ. ആർ. രാമചന്ദ്രൻ നായർ, ഐ.എ.എസിനെതിരെ ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്കുവേണ്ടി സ്ഥലം വാങ്ങിയതിലും നിയമനങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയതിലുമുള്ള ക്രമക്കേടുകളുമായി ബന്ധപ്പെട്ട് 5 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു. അതിൽ ഒരു കേസിൽ ശിക്ഷിക്കപ്പെടുകയും 2 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി വിചാരണ നടന്നുവരികയുമാണ്. ശ്രീ. രാമചന്ദ്രൻ നായർക്കെതിരായുള്ള മറ്റ് രണ്ട് കേസുകളിൽ അന്വേഷണം നടന്നുവരുന്നു.

ജപ്പാൻ സഹായത്തോടെ നടപ്പാക്കാനുദ്ദേശിച്ച ശുദ്ധജല വിതരണം

166 (168) ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ സഹായത്തോടെ നടപ്പാക്കാനുദ്ദേശിച്ച ശുദ്ധജലവിതരണ പദ്ധതികളുടെ കൺസൾട്ടന്റ് നിയമനം സംബന്ധിച്ച് അഴിമതി ആരോപണങ്ങളെക്കുറിച്ച് സി.ബി.ഐ. അന്വേഷണം നടത്തുന്നതിനായി സംസ്ഥാന ഗവൺമെന്റിനോട് ബന്ധപ്പെട്ട ഫയലുകൾ നൽകണമെന്ന് സി.ബി.ഐ. ആവശ്യപ്പെട്ടിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly